പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1405 04.02.2019 ൽ മറുപടിയ്ക്ക്**

**ഹാരിസൺ ഉൾപ്പെടെയുള്ള കമ്പനികളുടെ ഭൂവുടമസ്ഥത സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ്**

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺ ഉൾപ്പെടെയുള്ള കമ്പനികളുടെ ഭൂവുടമസ്ഥത സംബന്ധിച്ച് ഹൈക്കോടതി നൽകിയിട്ടുള്ള ഉത്തരവുകൾ എന്തെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ; | (എ) ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനായി 1957 ലെ KLC ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലായി ഹാരിസൺ മലയാളം ലിമിറ്റഡും മറ്റുള്ളവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 38000 ഏക്കർ ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിനായി ഭൂസംരക്ഷണ നിയമ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾക്കെതിരെ കമ്പനികൾ ഫയൽ ചെയ്ത WP(C)33122/2014 ഉം മറ്റു റിട്ട് ഹർജികളും പരിഗണിച്ച ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 11.04.2018 -ലെ വിധിന്യായ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. KLC Act പ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്ന് തീരുമാനിക്കാനുള്ള അധികാരമില്ല എന്നും എന്നാൽ ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് ഭൂമിയിൽ ഉടമസ്ഥതയുള്ളതായി ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഉടമസ്ഥത സ്ഥാപിക്കുന്നതിന് |

| | | |
|---|---|---|
| | | സർക്കാരിന് സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും നിലവിലെ കേസ്സുകളിൽ സ്പെഷ്യൽ ഓഫീസറുടെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള അധികാരം മാത്രമാണ് പരിശോധിക്കുന്നതെന്നും ബഹു. ഡിവിഷൻ ബഞ്ച് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 11.04.2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാനമായ മറ്റ് കേസ്സുകളിലെ ബഹു.ഹൈക്കോടതി സിംഗിൾ ബഞ്ചുകൾ പുറപ്പെടുവിച്ച വരുന്ന വിധിന്യായങ്ങളിൽ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിനോട് സിവിൽ കോടതിയെ സമീപിക്കുവാനും, കരം സ്വീകരിക്കുന്നത് സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്ന കേസിലെ അഡ്ജ്യൂഡിക്കേഷനു വിധേയമായിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. |
| (ബി) | ഭൂവുടമസ്ഥത സ്ഥാപിക്കുവാൻ സർക്കാർ സിവിൽ കോടതിയെ സമീപിക്കണമെന്ന് ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കാനായി സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | ഹൈക്കോടതി ഉത്തരവ് നിലനിന്നിട്ടും പ്രസ്തുത കമ്പനികൾക്ക് ഭൂനികുതി അടയ്ക്കുവാൻ വേണ്ടി റവന്യൂ വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; ഇപ്രകാരം നിർദ്ദേശം നൽകുവാനുള്ള സാഹചര്യം എന്താണെന്ന് വിശദമാക്കുമോ? | (സി) ഇല്ല. ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശത്തിൽ തർക്കം നിലനിൽക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും മറ്റു കമ്പനികളുടെയും ഭൂമിയുടെ കരം ഉപാധികളോടെ സ്വീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഭൂനികുതി അടയ്ക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പ് നിലവിൽ നിർദ്ദേശം ഒന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ